**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 443** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് " Let's Go Digital " എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) എന്നിവ പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാല - കോളേജുകളിലെയും മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളും Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിലൂടെയാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺ ലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |
| (ബി) | പഠന ബോധന പ്രക്രിയയുടെ ഘടകങ്ങളായ അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ എന്നിവ പൊതുവായ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്നതിലൂടെ ഉന്നത വിദ്യാഭ്യാസമേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | (ബി) | കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) എന്നിവ പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാല - കോളേജുകളിലെയും മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളും Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിലൂടെയാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാ ഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺ ലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. എന്നാൽ അതിവേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തി Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഇതിനാവശ്യമായ കേന്ദ്രീകൃത സംവിധാനം സ്റ്റേറ്റ് ഡേറ്റാ സെന്ററി ലാണ് ഒരുക്കുന്നത്. എന്നാൽ ഓരോ സ്ഥാപനങ്ങൾക്കും അവരുടെ അക്കാദമിക പ്രോഗ്രാമുകൾക്ക് അനുസൃതമായി Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ ഒരുക്കിയെടുക്കാവുന്ന താണ്. ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിന് എൽ.എം.എസ് മൂഡിലിൽ സംവിധാനമുണ്ട്. സാങ്കേതിക സർവ്വകലാശാല ഓൺലൈൻ പരീക്ഷ നൂതനമായ രീതിയിൽ നടത്തുന്നതിനാ വശ്യമായ "പ്രോക്ടേഡ്" ഓൺലൈൻ പരീക്ഷ പദ്ധതി നടപ്പിലാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ഡിപ്ലോമ തലത്തിലുള്ള പരീക്ഷകൾ എല്ലാം നടത്തുന്നത് ഓൺലൈൻ സംവിധാനം ഉപയോഗിച്ചാണ്. The National University of Advanced Legal Studies (NUALS)-ന്റെ പരീക്ഷാ സംവിധാനം ഓൺലൈൻ ആക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Cochin University of Science and Technology (CUSAT)-ൽ 2020 കോവിഡ് കാലം മുതൽ ഓൺലൈൻ പരീക്ഷകൾ മൂഡിൽ ഉപയോഗിച്ച് നടത്തിവരുന്നു. |
| (സി) | വിദ്യാർത്ഥികൾക്കിടയിലുള്ള ഡിജിറ്റൽ വിഭജനം ഇല്ലാതാക്കാൻ ഉതകുംവിധം കോളേജുകൾക്ക് എൽ.എം.എസ്. വഴി ക്ലാസുകൾ നടത്തുന്നതിനാവശ്യമായ ഡിജിറ്റൽ സ്പേസ് ലഭ്യമാക്കുന്നതിനും അദ്ധ്യാപകർക്ക് എൽ.എം.എസ്. വഴി അദ്ധ്യാപനം നടത്തുന്നതിന് പരിശീലനം നല്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | വിദ്യാർത്ഥികൾക്കിടയിലുള്ള ഡിജിറ്റൽ വിഭജനം ഇല്ലാതാക്കാൻ ഉതകുംവിധം കോളേജുകൾക്ക് എൽ.എം.എസ് വഴി ക്ലാസ്സുകൾ നടത്തുന്നതിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനും ഡിജിറ്റൽ സ്പേസിനായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ആവശ്യമായ ക്ലൗഡ് സ്പേസ് ലഭ്യമാക്കുന്നതിനും അധ്യാപനം നടത്തുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | അധ്യാപകർക്ക് LMS വഴി പരിശീലന പരിപാടികളും നടത്തിവരുന്നു. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് ഇതിനകം ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3600 അദ്ധ്യാപകർക്ക് പരിശീലനം നൽകി കഴിഞ്ഞു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലുള്ള ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻ്റർ വഴിയാണ് ഇത്തരം അധ്യാപക പരിശീലന പരിപാടികൾ (എഫ്.ഐ.പി) സംഘടിപ്പിച്ചുവരുന്നത്. പഠനസാമഗ്രികളുടെ സംഭരണി (Repository of Online Learning Materials):- സംസ്ഥാനത്തെ സർവ്വകലാശാല കളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠന സാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിൻ്റെ വെബ് പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെയും അഫിലി യേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ബൃഹത്തായ പഠനസാമഗ്രികളുടെ സംഭരണിയിൽ നിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം വളരെ ലളിതമായി പഠന സാമഗ്രികൾ തെരഞ്ഞെടുക്കാവുന്നതാണ്. ലേണിംഗ് മാനേജ്മെൻറ് സാങ്കേതിക വിദ്യയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിൻ്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് മൂന്ന് ക്ലസ്റ്ററുകളിലായി ആകെ പതിനാല് ട്രെയിനിംഗ് ഇതുവരെ നടന്നു കഴിഞ്ഞു. ഈ മൂന്ന് ക്ലസ്റ്ററുകളിലായി നടത്തിയ ട്രെയിനിംഗിൽ 35 കോളേജുകളിലെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകാനായി. കൂടാതെ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്, കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരം എന്നീ കോളേജുകളിലും എൽ.എം.എസ് നടപ്പിലാക്കിത്തുടങ്ങി. മൂന്ന് ക്ലസ്റ്ററുകളിലായി 13 ജില്ലകളിൽ നിന്നുള്ള വിവിധ കോളേജുകൾ ട്രെയിനിംഗിൽ ഉൾപ്പെട്ടു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ